പ്രവാസി പരിശീലന പരിപാടി

75 (2907) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായുള്ള പരിശീലന പരിപാടി നടപ്പാക്കപ്പെട്ടുവോ;

(ബി) മടങ്ങിവന്ന എത്ര പ്രവാസികൾക്ക് ഈ പരിശീലന പരിപാടിയിലൂടെ പ്രയോജനം ഉണ്ടായി എന്നറിയിക്കാമോ;

(സി) പ്രസ്തുത പരിശീലന പരിപാടിക്കായി എത്ര തുക നീക്കിവയ്ക്കപ്പെട്ടു; അതിൽ എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ-സി) ഇല്ല. തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായുള്ള പരിശീലന പരിപാടികൾ വകുപ്പ് നടപ്പാക്കുന്നില്ല

എന്നാൽ തൊഴിലെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പ്രവാസികാര്യ വകുപ്പ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം എന്ന ഒരു അഭിരുചി മെച്ചമാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

പ്രവാസി ക്ഷേമനിധി

76 (2908) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസിക്ഷേമനിധിയിൽ അംഗങ്ങളായവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) എത്ര ഗുണഭോക്താക്കൾക്ക് പ്രസ്തുത ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 72640 പേർ അംഗങ്ങളായിട്ടുണ്ട്.

(ബി) 2016 ജനുവരി മാസം വരെ വിവിധയിനം ക്ഷേമ പദ്ധതികൾ പ്രകാരം ബോർഡിൽ നിന്നും ആനുകൂല്യം അനുവദിച്ചവരുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly